# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2016-17/257
DPSS.CO.CHD.No./2695/03.01.03/2016-17 മാർച്ച് 25, 2017

റീജിയണൽ റൂറൽ ബാങ്കുകൾ ഉൾപ്പെടെയുള്ള എല്ലാ ഷെഡ്യൂൾഡ്
വാണിജ്യബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ,
സംസ്ഥാന സഹകരണ ബാങ്കുകൾ, ജില്ലാ കേന്ദ്രസഹകരണ ബാങ്കുകൾ,
ലോക്കൽ ഏരിയാ ബാങ്കുകൾ എന്നിവയുടെ ചെയർമാൻ /
മാനേജിംഗ് ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

**2017 മാർച്ച് 25 മുതൽ 2017 ഏപ്രിൽ 1 വരെ എല്ലാ പെയ്മെന്റ് ഉപാധികളും, എല്ലാ ദിവസവും പ്രവർത്തിക്കും.**

ഞങ്ങളുടെ 2017 മാർച്ച് 23 ലെ 'പ്രത്യേക ക്ലിയറിംഗ് പ്രവർത്തനങ്ങൾ 2017 മാർച്ച് 30-നും 31-നും' എന്ന വിഷയത്തിലുള്ള DPSS.CO.CHD.No./2656/03.01.03/2016-17 നമ്പർ സർക്കുലറിലേക്കും, 'എല്ലാ ഏജൻസി ബാങ്കുകളും 2017 മാർച്ച് 25 മുതൽ 2017 ഏപ്രിൽ 1 വരെ എല്ലാ ദിവസവും പൊതുജനങ്ങൾക്കുവേണ്ടി തുറന്ന് പ്രവർത്തിക്കും എന്ന വിഷയത്തിലുള്ള 2017 മാർച്ച് 24 ലെ DBR.No.Leg.BC.55/09.07.005/2016-17 എന്ന സർക്കുലറിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു

2017 മാർച്ച് 31-ന് അവസാനിക്കുന്ന നടപ്പ് സാമ്പത്തികവർഷത്തിലെ എല്ലാ ഗവൺമെന്റ് ഇടപാടുകളുടേയും അക്കൗണ്ടിംഗ് സുഗമമാക്കാനായി, ആർടിജിഎസ് (RTGS), എൻഇഎഫ്ടി (NEFT) ഉൾപ്പെടെയുള്ള എല്ലാ പേയ് മെന്റ് ഉപാധികളും, ഒരു സാധാരണ പ്രവൃത്തിദിവസത്തിലേതെന്നപോലെ, 2017 മാർച്ച് 25 മുതൽ ഏപ്രിൽ 1 വരെയുള്ള കാലയളവിലും (ശനി, ഞായർ, എല്ലാ ഒഴിവുദിനങ്ങൾ ഉൾപ്പെടെ) പ്രവർത്തിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ആർടിജിഎസ്, എൻഇഎഫ്ടി തുടങ്ങിയ കേന്ദ്രീകൃത പേയ്മെന്റ് ഉപാധികൾ 2017 മാർച്ച് 30-നും, 31-നും ദീർഘിപ്പിച്ച സമയക്രമം പാലിച്ച് പ്രവർത്തിക്കണമെന്ന്, ഒരു ബ്രോഡ്കാസ്റ്റ് സന്ദേശത്തിലൂടെ അംഗബാങ്കുകളെ ഇതിനകം അറിയിച്ചിട്ടുണ്ട്.

വിശ്വാസപൂർവ്വം,

നന്ദ എസ്. ദാവേ
ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്